പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1990 26-10-2026-ൽ മറുപടിയ്ക്ക്

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; ജീവനക്കാരുടെ കുറവ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും രോഗികൾക്കുള്ള സേവനങ്ങളെയും ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: വിശദാംശം അനുബന്ധമായി ചേർക്കുന്നു

(ബി) 2011-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും മതിയായ ജീവനക്കാരുടെ അഭാവം കാരണം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: നിലവിലുള്ള ജീവനക്കാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ആശുപത്രി നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു.

(സി) ദിവസേന ആയിരത്തോളം രോഗികൾ എത്തുന്നതും ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത ആശുപത്രിയിൽ ഒഴിവുകൾ നികത്തുന്നതിനോടൊപ്പം 24 മണിക്കൂർ സേവനം ഉറപ്പാക്കുന്നതിന് വിവിധ വിഭാഗങ്ങളിൽ അധിക തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: ആശുപത്രികളിലെ ജീവനക്കാരുടെ ജോലിഭാരം, അത്യാഹിത/ഒ.പി/ഐ.പി രോഗികളുടെ എണ്ണം, ബെഡ് ശേഷി, സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, സ്ഥിരം തസ്തികകൾ, ജീവനക്കാരുടെ കുറവ് എന്നിവ വിലയിരുത്തി മാനദണ്ഡപ്രകാരം ഗ്യാപ് അനാലിസിസ് നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ഘട്ടം ഘട്ടമായി അധിക തസ്തികക ൾ സൃഷ്ടിച്ചുവരുന്നുണ്ട്. പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ പ്രധാന വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിനും അത്യാഹിത വിഭാഗത്തിൽ 24 മണിക്കൂറും ആവശ്യത്തിന് ഡോക്ടർമാരുടെയും നഴ്സിംഗ് ജീവനക്കാരുടെയും സേവനം ഉറപ്പാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമനം	സ്ഥാപനം	തസ്തിക	ഒഴിവുകളുടെ എണ്ണം	റിമാർക്സ്
1	കുറ്റിപ്പുറം താലൂക്ക് ആശുപത്രി	സിവിൽ സർജൻ	1	മെഡിക്കൽ ഓഫീസറുടെ ചാർജ്ജ് സീനിയർ അസിസ്റ്റന്റ് സർജന് കൈമാറിയിട്ടുണ്ട്. മേൽ തസ്തികയിൽ ഡോക്ടറെ ദിവസവേതന നിയമനം നടത്തിയിട്ടുണ്ട്
2		ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)	1	മേൽ തസ്തികയിൽ ജോലി ക്രമീകരണ നിയമനം നടത്തിയിട്ടുണ്ട്
3		നഴ്സിംങ് ഓഫീസർ	1	മേൽ തസ്തികയിൽ ദിവസവേതന നിയമനം നടത്തിയിട്ടുണ്ട്
4		ഫാർമസിസ്റ്റ് ഗ്രേഡ് 2	1	മേൽ തസ്തികയിൽ ദിവസവേതന നിയമനം നടത്തിയിട്ടുണ്ട്
5		ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ	1	
6		പബ്ലിക് ഹെൽത്ത് സൂപ്പർവൈസർ	1	
7		ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1	17/10/2026 ന് ഒഴിവ് സൃഷ്ടിക്കപ്പെട്ടു
8		ഡ്രൈവർ	1	
9		ആശുപത്രി അറ്റൻഡർ ഗ്രേഡ് 2	1	
10		ആശുപത്രി അറ്റൻഡർ	1	
11		എക്സ്റേ അറ്റൻഡർ	1	
12	കുടുംബാരോഗ്യ കേന്ദ്രം കോട്ടക്കൽ	നഴ്സിംഗ് അസിസ്റ്റന്റ്	1	
13		ക്ലർക്ക്	1	ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്
14	കുടുംബാരോഗ്യ കേന്ദ്രം പൊൻമള	നഴ്സിംഗ് അസിസ്റ്റന്റ്	1	
15		ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1	
16	കുടുംബാരോഗ്യ കേന്ദ്രം ഇരിമ്പിളിയം	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1	

17	കുടുംബാരോഗ്യ കേന്ദ്രം മാറാക്കര	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	2	
18		ഡ്രൈവർ	1	
19	കുടുംബാരോഗ്യ കേന്ദ്രം എടയൂർ	നഴ്സിംഗ് അസിസ്റ്റന്റ്	1	
20		ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1	
21	കുടുംബാരോഗ്യ കേന്ദ്രം വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം വളാഞ്ചേരി	നഴ്സിംഗ് അസിസ്റ്റന്റ്	1	
22		ഹോസ്പിറ്റൽ അറ്റൻഡന്റ്	1	